## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 230 11.06.2012 -ൽ മറുപടിയ്ക്ക്

## രാഷ്ട്രീയ കൊലപാതകങ്ങളുടെ അന്വേഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ കെ. മുഹമ്മദുണ്ണി ഹാജി : | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) പാർട്ടി ലിസ്റ്റ് അനുസരിച്ച് രാഷ്ട്രീയ പ്രതിയോഗികളെ വക വരുത്തിയെന്ന സി.പി.ഐ.(എം) ഇടുക്കി ജില്ലാ സെക്രട്ടറി ശ്രീ എം. എം.മണിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | ബി) ശ്രീ എം.എം. മണിയുടെ വിവാദ പ്രസംഗത്തിന്റെ വീഡിയോ സി. ഡി, സോഴ്സ് ഇൻഫർമേഷൻ ആയി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ എം.എം. മണിയേയും മറ്റും പ്രതികളാക്കി തൊടുപുഴ പോലീസ് സ്റ്റേഷനിലെ ക്രൈം നം.1196/2012 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് എഫ്.ഐ.ആർ. ബഹു. കോടതിക്ക് നൽകിയിട്ടുണ്ട്. കേസിന്റെ അന്വേഷണത്തിനായി ഒരു സ്പെഷ്യൽ ടീമിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| സി) സംസ്ഥാനത്ത് പ്രതികൾ ശിക്ഷിക്കപ്പെടാതെ പോകുന്ന രാഷ്ട്രീയ കൊലപാതകങ്ങളിൽ വിശദമായ പുനരന്വേഷണത്തിന് നടപടി സ്വീകരിക്കുമോ? | സി) ശിക്ഷിക്കപ്പെടാതെ പോകുന്ന കുറ്റകൃത്യങ്ങളിൽ തെളിവുകളോ വെളിപ്പെടുത്തലുകളോ ലഭ്യമായാൽ ആയതിന്റെ അടിസ്ഥാനത്തിൽ കോടതിയുടെ അനുവാദത്തോടുകൂടി അത്തരം കേസുകൾ പുനരന്വേഷണത്തിന് വിധേയമാക്കാൻ വ്യവസ്ഥയുണ്ട്. |

സെക്ഷൻ ഓഫീസർ